പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 748 — 11.06.2014-ലെ മറുപടിക്ക്

# പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;<br><br>ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ തുടങ്ങുവാനുദ്ദേശിക്കുന്നത് എവിടെയൊക്കെയാണ്; വ്യക്തമാക്കുമോ: | എ) & ബി)<br><br>പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ ഇടുക്കി, മലപ്പുറം ജില്ലയിലെ മഞ്ചേരി, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, തിരുവനന്തപുരം ജില്ലയിലെ ജനറൽ ഹോസ്പിറ്റൽ എന്നിവിടങ്ങളിലാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായും തീരുമാനിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ പാലക്കാട് , പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഓരോ മെഡിക്കൽ കോളേജുകളുടെയും പദ്ധതി രൂപീകരണത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കോന്നിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന |

മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് എച്ച്.എൽ.എൽ-നെയും മഞ്ചേരി, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിലെ പദ്ധതി നടത്തിപ്പ് കിറ്റ്കോയെയും തിരുവനന്തപുരം ജനറൽ ആശുപത്രി മെഡിക്കൽ കോളേജാക്കി മാറ്റുന്നതിന്റെ പദ്ധതി നടത്തിപ്പ് ബി.എസ്.എൻ.എൽ-നെയും ഏൽപ്പിച്ചിട്ടുണ്ട്. മഞ്ചേരി, ഇടുക്കി, തിരുവനന്തപുരം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ലഭ്യമായ ആശുപത്രി സൗകര്യം കൂടുതൽ മെച്ചപ്പെടുത്തി മെഡിക്കൽ കോളേജിന് ആവശ്യമായ രീതിയിൽ പുനഃക്രമീകരിച്ച് ഉപയോഗി ക്കുന്നതിനായുള്ള നടപടികൾ നടന്നു വരികയാണ്. കാസർഗോഡ്, കോന്നി, ഹരിപ്പാട് എന്നിവിടങ്ങളിൽ ആശുപത്രി ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ മെഡിക്കൽ കോളേജുകൾ രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

സി) ഇതിനായുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്: വിശദമാക്കുമോ;

സി) ഹരിപ്പാട് ഒഴികെയുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് സർക്കാർ ആണ് നൽകുന്നത്. ഹരിപ്പാട് മെഡിക്കൽ കോളേജിനായുള്ള ഫണ്ട് ഇതിനായി രൂപീകരിക്കപ്പെട്ട കമ്പനിയിലെ ഷെയർ ഉടമകളിൽ നിന്നും ധനസമാഹരണം വഴി നടത്താനാണ് ഉദ്ദേശിക്കുന്നത്.

ഡി) മെഡിക്കൽ കോളേജുകൾ തുടങ്ങുവാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡി) ഹരിപ്പാട് ഒഴികെയുള്ള മെഡിക്കൽ കോളേജുകൾ തുടങ്ങുവാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ